**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.478** **01.07.2013 ൽ മറുപടിയ്ക്ക്**

## യുവജന രക്തദാന സ്ക്വാഡുകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സി.എഫ്. തോമസ്**<br>**ശ്രീ. തോമസ് ഉണ്ണിയാടൻ**<br>**ശ്രീ. റ്റി.യു. കുരുവിള**<br>**ശ്രീ. മോൻസ് ജോസഫ്** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| ആരോഗ്യ രംഗത്ത് വർദ്ധിച്ചു വരുന്ന രക്തത്തിന്റെ ആവശ്യം പരിഗണിച്ച് യുവജനകാര്യവകുപ്പിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കിടയിൽ രക്തദാനത്തിനായി ബോധവൽ ക്കരണം നടത്തുന്നതിനും പഞ്ചായത്തു തലത്തിൽ രക്തദാന സ്ക്വാഡുകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | യുവജനങ്ങൾക്കിടയിൽ രക്തദാനത്തിനായി ബോധവൽക്കരണം നടത്തുന്നതിനും രക്തദാതാക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള ഡേറ്റാ ബാങ്ക് തയ്യാറാക്കി ഓൺലൈൻ മുഖേന രക്തം ആവശ്യമായി വരുന്നവർക്ക് ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള 'ജീവദായിനി' എന്ന സമഗ്ര രക്തദാന പദ്ധതി നടപ്പിലാക്കുവാൻ യുവജനക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. യുവജനക്ലബ്ബുകൾ, കോളേജുകളിലെ എൻ.എസ്.എസ് / എൻ.സി.സി യൂണിറ്റുകൾ, റസിഡന്റ്സ് അസോയിയേഷനുകളുടെ യൂത്ത് വിംഗ്, ട്രേഡ് യൂണിയനുകൾ, തൊഴിലാളി സംഘടനകൾ, മറ്റു സാമൂഹ്യ പ്രവർത്തന സംഘടനകൾ എന്നിവ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലും ഓരോ രക്തദാനക്യാമ്പുകൾ നടത്തി രക്തദാനത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതും, രക്തം ലഭിക്കുന്നതിന് ടോൾഫ്രീ കോൾ സെന്റർ സ്ഥാപിക്കുകയും ചെയ്യുക എന്നതും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ